# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** **04-10-2021 - ൽ മറുപടിയ്ക്ക്**

## പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ പി.ജി. കോഴ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ക്രിയാശരീര, രോഗനിദാന, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന, ശല്യതന്ത്ര, ശാലാക്യതന്ത്ര എന്നിവയാണ്. |
| (ബി) | പ്രസ്തുത കോഴ്സുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ട് ; | (ബി) | ക്രിയാശരീര – 9 സീറ്റ് രോഗനിദാന – 8 സീറ്റ് രസശാസ്ത്ര & ഭൈഷജ്യകൽപ്പന – 7 സീറ്റ് ശല്യതന്ത്ര – 6 സീറ്റ് ശാലാക്യതന്ത്ര – 6 സീറ്റ് |
| (സി) | കൂടുതൽ പി.ജി. കോഴ്സുകൾ തുടങ്ങിയ സാഹചര്യത്തിൽ അതിനാവശ്യമായ അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ നിലവിലുള്ള ക്രിയാശരീര, ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യകൽപ്പന വകുപ്പുകളിലെ പി.ജി. കോഴ്സുകൾക്ക് കേരള ആരോഗ്യ സർവ്വകലാശാല അംഗീകാരം ലഭിക്കുന്നതിന് അദ്ധ്യാപകരുടെ ന്യൂനത പരിഹരിക്കുന്നതിനായി യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. 24.09.2021 ലെ 4-53/2021-Ay ഉത്തരവ് പ്രകാരം കണ്ണൂർ ഗവ. ആയുർവേദ കോളേജിന് 2021-22 വർഷം NCISM (National Commission for Indian Systems of Medicine) ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിനാൽ കേരള ആരോഗ്യ സർവ്വകലാശാല ചൂണ്ടി കാണിച്ച അപാകതകൾ പരിശോധിച്ച് ഉചിതമായ നടപടികൾ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | പുതിയതായി ഏതെല്ലാം പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഡി) | പുതുതായി പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല |

സെക്ഷൻ ഓഫീസർ